e- mail - gssbsukc@yahoo.co.in Phone: 0471-2192810, 2192846

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

സർക്കുലർ നമ്പർ 63/25

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര
തിരുവനന്തപുരം–695 012

പ്രിയ സഖാക്കളേ,

തീയതി 13.11.2025

2025 ഒക്ടോബർ 25–ന് ടാഗോർ സെന്റിനറി ഹാളിൽ നടന്ന രജത ജൂബിലി സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങൾ, അംഗങ്ങളുടെ അറിവിലേക്കായി പങ്കുവെയ്ക്കുന്നു.

(അഖിൽ എസ്)
ജനറൽ സെക്രട്ടറി

---

## പൊതുമേഖലാ ബാങ്ക് ലയന നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുക

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ സമീപകാല ലയനങ്ങളും അതിന്റെ ഇനിയും കെട്ടടങ്ങിയിട്ടില്ലാത്ത അലയൊലികളും ബാക്കി നിൽക്കേ, വീണ്ടും മറ്റൊരു മഹാ ലയനത്തിന് കോപ്പു കൂട്ടുകയാണ് കേന്ദ്ര സർക്കാർ.

ആഗോള റാങ്കിംഗിൽ ആദ്യ അൻപത് വൻകിട ബാങ്കുകളുടെ പട്ടികയിൽ ഇടം പിടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയായിരുന്നു 2017–ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അസോസിയേറ്റ് ബാങ്കുകളെയും, ഭാരതീയ മഹിളാ ബാങ്കിനെയും എസ് ബി ഐ യിൽ ലയിപ്പിച്ചത്. തുടർന്ന് 2019 ഏപ്രിൽ മാസത്തിലും 2020 ഏപ്രിൽ മാസത്തിലുമായി എട്ട് പൊതുമേഖലാ ബാങ്കുകളെ കൂടി മറ്റ് ബാങ്കുകളിലേക്ക് ലയിപ്പിച്ചു ചേർത്തു. 2017 ൽ പൊതുമേഖലയിൽ ഉണ്ടായിരുന്ന 27 ബാങ്കുകൾ, ഇന്ന് കേവലം 12–ൽ എത്തി നിൽക്കുകയാണ്. ഇത്തരം ലയനങ്ങളിലൂടെ അവശേഷിക്കുന്ന ബാങ്കുകളുടെ വലുപ്പം വർദ്ധിക്കുന്നുണ്ടെങ്കിലും, രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ ബ്രാഞ്ചുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരുന്നതായി കാണാം. 2017–ൽ അസോസിയേറ്റ് ബാങ്കുകളെ എസ് ബി ഐ യിൽ ലയിപ്പിച്ചപ്പോൾ, രാജ്യത്ത് നിലവിലുണ്ടായിരുന്ന ബാങ്ക് ബ്രാഞ്ചുകളിൽ ബ്രാഞ്ച് റാഷണലൈസേഷൻ എന്ന പേരു പറഞ്ഞ് 2400– ലധികം ശാഖകളാണ് പൂട്ടിയത്.

2047–ഓടെ, ഇന്ത്യയിൽ നിന്നുള്ള രണ്ട് ബാങ്കുകളെയെങ്കിലും 20 ആഗോള ഭീമന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന നീതി ആയോഗിന്റെ നിർദ്ദേശ പ്രകാരമാണ് പുതിയ മഹാ ലയനത്തിന് കാഹളം മുഴക്കുന്നത്.

ലയനത്തിന്റെ പ്രധാന ലക്ഷ്യമായി പറയുന്നത്, വൻകിട കമ്പനികൾക്ക് വമ്പൻ വായ്പകൾ നൽകാൻ സാധിക്കുമെന്നതാണ്. ഇന്ത്യൻ മുതലാളിമാർ പലരും ആഗോള ഭീമന്മാരുടെ വലുപ്പമാർജ്ജിച്ച് വരുമ്പോൾ, അവർക്കിണങ്ങിയ മട്ടിൽ ഇന്ത്യൻ

ബാങ്കിംഗ് സംവിധാനത്തെ മാറ്റിയെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് വ്യക്തം. ബാങ്ക് ദേശസാൽക്കരണത്തിലൂടെ നേടിയെടുത്ത സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ഏത് സാധാരണക്കാരനും ലഭ്യമായിരുന്ന mass banking–ന്റെ പ്രയോജനങ്ങൾ, ഇനി വരേണ്യ വർഗ്ഗത്തിനും വൻകിടക്കാർക്കും മാത്രം ലഭ്യമാകുന്ന class banking–ലേക്ക് മാറ്റപ്പെടുന്നതോടെ, ദേശസാൽക്കരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ അട്ടിമറിക്കപ്പെടും. പൊതുമേഖലാ ബാങ്ക് ശാഖകൾ വെട്ടിക്കുറക്കുന്നതും വൻകിടക്കാർക്ക് മാത്രം പ്രാപ്തമാകുന്ന തരത്തിൽ പൊതുമേഖലാ ബാങ്കുകളെ രൂപപ്പെടുത്തുന്നതും സാധാരണക്കാരായ ആളുകൾക്ക് ബാങ്കിംഗ് അപ്രാപ്യമാവുകയും ഗ്രാമങ്ങളിൽ കങ്കാണിമാരുടെയും വട്ടിപ്പലിശക്കാരുടെയും ചൂഷണത്തിന് അവർ വിധേയമാവുകയും ചെയ്യും.

പ്രമുഖ സാമ്പത്തിക വിദഗ്ദൻ ജോസഫ് സ്റ്റിഗ്ലിറ്റ്സിന്റെ "too big to fail" സിദ്ധാന്തമനുസരിച്ച്, തകർക്കാൻ വയ്യാത്ത വിധം വലുതാക്കിയ ബാങ്കുകളുടെ സംഭവിക്കാൻ സാധ്യതയുള്ള ഒരു തകർച്ച രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥക്ക് കനത്ത ആഘാതമേൽപ്പിക്കും. മാത്രമല്ല ഈ അപകടത്തിൽ നിന്ന് ഇത്തരം വമ്പൻ ബാങ്കുകളെ കരകയറ്റാൻ വേണ്ടിയുള്ള വലിയ തോതിലുള്ള bailout പദ്ധതികൾക്ക് സർക്കാരിന് പൊതു ഖജനാവ് മുഴുവൻ ചോർത്തിയെടുക്കേണ്ടതായും വരും.

അതിനാൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ മേൽ കനത്ത പ്രഹരമാകാൻ സാദ്ധ്യതയുള്ള ആസന്നമായ ഈ മഹാലയനത്തെ, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരളാ സർക്കിളിന്റെ രജതജൂബിലി സമാപന സമ്മേളനം ശക്തമായി എതിർക്കുകയും ലയന പ്രകിയയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

## <u>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മെസ്സഞ്ചർ നിയമനം ഉടൻ നടത്തുക</u>

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മെസ്സഞ്ചർ കാറ്റഗറിയിൽ നിയമനം നടന്നിട്ട് ഏതാണ്ട് മൂന്ന് പതിറ്റാണ്ടാവുകയാണ്. ബ്രാഞ്ചുകളിൽ മതിയായ മെസ്സഞ്ചർ/പ്യൂൺ ജീവനക്കാരില്ലാത്തത് മൂലം ദൈനംദിന ബാങ്കിംഗിൽ ഏറെ പ്രയാസം നേരിടുന്നുണ്ട്.

അതോടൊപ്പം സബോർഡിനേറ്റ് കേഡറിലെ ഈ തസ്തികയിൽ നിയമനം നടക്കാത്തതു മൂലം സാമൂഹികമായും സാമ്പത്തികമായും ദുർബലരായ അനേകായിരങ്ങൾക്ക് മാന്യമായ ഒരു ജോലിയിലൂടെ അന്തസ്സുറ്റ അതിജീവനത്തിന് സാഹചര്യമൊരുക്കുക എന്ന ഭരണഘടനാ ലക്ഷ്യമാണ് നിരസിക്കപ്പെടുന്നത്. ഇത്തരത്തിൽ സമൂഹത്തിലെ ദുർബല വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക സുരക്ഷ ഇല്ലാതാക്കാനുള്ള സർക്കാരിന്റെയും, SBI മാനേജ്മെന്റിന്റെയും നയപരമായ തീരുമാനത്തിനെതിരെ, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ രജതജൂബിലി സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

നിലവിൽ മെസ്സഞ്ചർ/പ്യൂൺ തസ്തികകളുടെ ഒഴിവുകൾ പുറംകരാർ വൽക്കരണത്തിലൂടെ മറി കടക്കാനാണ് പുതിയ തൊഴിൽ സാഹചര്യത്തിൽ സർക്കാരും, മാനേജ്മെന്റും ശ്രമിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ മുഴുവൻ ശാഖകളിലും ഓഫീസുകളിലും മതിയായ മെസ്സഞ്ചർ/പ്യൂൺ നിയമനം എത്രയും വേഗത്തിൽ നടപ്പിൽ വരുത്താൻ നടപടികളുണ്ടാവണമെന്ന് ഈ സമ്മേളനം പ്രമേയത്തിലൂടെ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുന്നു.

************